# യാക്കോബ്

1 ദൈവത്തിന്റെയും കർത്താവായ യേശു
ക്രിസ്തുവിന്റെയും ദാസനായ യാക്കോബ്
ചിതറിപ്പാർക്കുന്ന പന്ത്രണ്ടു ഗോത്രങ്ങൾക്കും
എഴുതുന്നത്:

നിങ്ങൾക്കു വന്ദനം.

*പരീക്ഷകൾ*

2എന്റെ സഹോദരരേ, വിവിധ പരീക്ഷകൾ
നേരിടുമ്പോൾ അതു തികച്ചും സന്തോഷകര
മെന്നു കരുതുവിൻ; 3വിശ്വാസത്തിന്റെ പരി
ശോധന സഹിഷ്ണുത ഉളവാക്കുന്നുവെന്നു
നിങ്ങൾ അറിയുന്നുവല്ലോ. 4നിങ്ങൾ ഒന്നിലും
കുറവില്ലാതെ പക്വതയും പൂർണ്ണതയും
ഉള്ളവരാകേണ്ടതിനു സഹിഷ്ണുത അതിന്റെ
പൂർണ്ണഫലം പുറപ്പെടുവിക്കട്ടെ. 5നിങ്ങളിൽ
ഒരാൾക്കു ജ്ഞാനം കുറവാണെങ്കിൽ അയാൾ
ദൈവത്തോടു യാചിക്കണം; എന്നാൽ അത്
അയാൾക്കു ലഭിക്കും. അവിടുന്ന് ആരെയും കുറ്റ
പ്പെടുത്താതെ, എല്ലാവർക്കും ഔദാര്യത്തോടെ
നല്കുന്നവനാണ്. 6എന്നാൽ അയാൾ തെല്ലും
സംശയിക്കാതെ വിശ്വാസത്തോടെ യാചി
ക്കണം; സംശയിക്കുന്നവൻ കാറ്റിൽ ഇളകി മറി
യുന്ന കടൽത്തിരയ്ക്കു തുല്യൻ. 7അങ്ങനെയു
ള്ളയാൾ കർത്താവിൽനിന്ന് എന്തെങ്കിലും ലഭി
ക്കും എന്നു ചിന്തിക്കരുത്; 8ഇരുമനസ്സുള്ള ആ
മനുഷ്യൻ തന്റെ എല്ലാ വഴികളിലും അസ്ഥി
രൻ ആണ്.

9എളിയ സഹോദരൻ തന്റെ ഉയർച്ചയിൽ
അഭിമാനിക്കട്ടെ. 10എന്നാൽ ധനികൻ പുല്ലിന്റെ
പൂവുപോലെ വാടിപ്പോകുന്നവനാകയാൽ ത
ന്റെ താഴ്ചയിൽമാത്രം അഭിമാനിക്കട്ടെ. 11സൂ
ര്യൻ കൊടുംചൂടോടെ ഉദിച്ചുയരുമ്പോൾ പുല്ലു
വാടുകയും പൂ വീണുപോകയും അതിന്റെ
ഭംഗി മാഞ്ഞുപോകയും ചെയ്യുന്നു. അതുപോ
ലെതന്നെ ധനവാനും തന്റെ പ്രയത്നങ്ങൾ
ക്കിടയിൽ മങ്ങിമറഞ്ഞു പോകുന്നു.

12പരീക്ഷ സഹിഷ്ണുതയോടെ നേരിടുന്ന
മനുഷ്യൻ ഭാഗ്യവാൻ; അയാൾ അംഗീകാരയോ
ഗ്യനായി തെളിഞ്ഞശേഷം തന്നെ സ്നേഹി
ക്കുന്നവർക്കു കർത്താവു വാഗ്ദാനംചെയ്ത
ജീവകിരീടം പ്രാപിക്കും.

13പരീക്ഷിക്കപ്പെടുമ്പോൾ, “ദൈവം എന്നെ
പരീക്ഷിക്കുന്നു” എന്ന് ആരും പറയരുത്;
ദൈവം ദോഷങ്ങളാൽ പരീക്ഷിതനാവുന്നില്ല;
താൻ ആരെയും പരീക്ഷിക്കുന്നതുമില്ല. 14ഓ
രോരുത്തൻ പരീക്ഷിക്കപ്പെടുന്നതു സ്വന്തം ദുർ
മ്മോഹങ്ങൾ അവനെ ആകർഷിച്ചു വശീകരി
ക്കുമ്പോഴത്രേ. 15മോഹം ഗർഭം ധരിച്ചു പാ
പത്തെ പ്രസവിക്കുന്നു; പാപം പൂർണ്ണ വളർച്ച
യെത്തുമ്പോൾ മരണത്തെ ഉളവാക്കുന്നു.

16എന്റെ പ്രിയ സഹോദരരേ, വഞ്ചിക്കപ്പെട
രുത്. 17നല്ലതും പൂർണ്ണവുമായ എല്ലാ ദാനങ്ങ
ളും ഉയരത്തിൽനിന്ന്, സ്വർഗ്ഗീയപ്രകാശങ്ങളു
ടെ പിതാവിങ്കൽനിന്ന് ഇറങ്ങിവരുന്നു; മാറി
ക്കൊണ്ടിരിക്കുന്ന നിഴലുകൾക്കുതുല്യം അവി
ടുന്നു മാറിപ്പോകുന്നവനല്ല. 18നാം അവിടുത്തെ
സൃഷ്ടികളിൽ, ഒരു വിധത്തിലുള്ള ആദ്യഫലം
ആകേണ്ടതിന് അവിടുന്ന് തിരുഹിതപ്രകാരം
സത്യവചനത്താൽ നമ്മെ ജനിപ്പിച്ചിരിക്കുന്നു.

*കേൾവിയും പ്രവൃത്തിയും*

19എന്റെ പ്രിയ സഹോദരരേ, ഇതു ശ്രദ്ധി
ക്കുവിൻ: ഏതു മനുഷ്യനും കേൾപ്പാൻ
വേഗതയും സംസാരിപ്പാൻ സാവധാനവും കോ
പിപ്പാൻ താമസവും ഉള്ളവനായിരിക്കണം.
20മനുഷ്യന്റെ കോപം ദൈവത്തിന്റെ നീ
തിയെ നിറവേറ്റുന്നില്ല. 21ആകയാൽ സകല
അശുദ്ധിയും വർദ്ധിച്ച ദുഷ്ടതയും വിട്ടുകളഞ്ഞ്,
നിങ്ങളിൽ നട്ടിരിക്കുന്നതും നിങ്ങളെ രക്ഷി
പ്പാൻ ശക്തവുമായ വചനം വിനയത്തോടെ
കൈക്കൊള്ളുവിൻ.

22വചനം കേൾക്കുകമാത്രം ചെയ്തുകൊണ്ട്
സ്വയം വഞ്ചിക്കാതെ അത് അനുഷ്ഠിക്കുന്നവരാ
യിരിപ്പിൻ. 23വചനം കേൾക്കുന്നവനെങ്കിലും
അതിൻപ്രകാരം പ്രവർത്തിക്കാത്തവൻ കണ്ണാ
ടിയിൽ തന്റെ മുഖം നോക്കുന്നവനോടു തു
ല്യൻ; 24അവൻ തന്നെത്തന്നേ കണ്ടിട്ടു കടന്നു
പോകുന്നു; ഉടൻതന്നേ തന്റെ രൂപം മറന്നു
പോവുകയും ചെയ്യുന്നു. 25എന്നാൽ സ്വാത

ന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം സൂക്ഷി
ച്ചുനോക്കി അതിൽ നിലനില്ക്കുന്നവൻ കേട്ടു
മറക്കുന്നവനാകാതെ, കേട്ടതു ചെയ്യുന്നവനാ
യി തന്റെ പ്രവൃത്തിമൂലം അനുഗൃഹീതനാ
യിത്തീരും.
26ആരെങ്കിലും തന്നെത്തന്നേ ഭക്തൻ എന്നു
കരുതുകയും അതേസമയം തന്റെ നാവിനു
കടിഞ്ഞാൺ ഇടാതിരിക്കുകയും ചെയ്യുന്നു
വെങ്കിൽ അയാൾ ഹൃദയത്തെ വഞ്ചിക്കുകയാ
ണ്; അയാളുടെ ഭക്തി നിഷ്പ്രയോജനമത്രേ.
27പിതാവായ ദൈവത്തിന്റെ ദൃഷ്ടിയിൽ ശു
ദ്ധവും നിർമ്മലവുമായ ഭക്തിയോ, അനാഥ
രെയും വിധവമാരെയും അവരുടെ സങ്കടത്തിൽ
സന്ദർശിക്കുന്നതും ലോകത്തിന്റെ മാലിന്യം
ഏല്ക്കാതെ സ്വയം കാത്തുകൊള്ളുന്നതും
ആകുന്നു.

*പക്ഷഭേദം പാടില്ല*

2 എന്റെ സഹോദരരേ, തേജസ്സുള്ള
വനായ, നമ്മുടെ കർത്താവായ യേശു
ക്രിസ്തുവിൽ വിശ്വസിക്കുന്ന നിങ്ങൾ മു
ഖപക്ഷം കാണിക്കരുത്. 2നിങ്ങളുടെ സഭായോ
ഗത്തിൽ പൊൻമോതിരവും പകിട്ടുള്ള
വസ്ത്രവും ധരിച്ച ഒരുവനും മുഷിഞ്ഞവേഷം
ധരിച്ച ഒരു ദരിദ്രനും വരുന്നു എന്നിരിക്കട്ടെ.
3നിങ്ങൾ വിശിഷ്ട വസ്ത്രം ധരിച്ചവനെ പ്ര
ത്യേകം ശ്രദ്ധിച്ചുകൊണ്ട്, 'ഈ നല്ല സ്ഥാനത്ത്
ഇരുന്നാലും' എന്നു പറയുകയും, ദരിദ്രനോട്,
'നീ അവിടെ നില്ക്കൂ' എന്നോ 'എന്റെ കാല്
ക്കൽ ഇരിക്കൂ' എന്നോ പറയുകയും ചെയ്യുന്നു
വെങ്കിൽ 4നിങ്ങൾ നിങ്ങളുടെ ഇടയിൽത്തന്നേ
പക്ഷഭേദം കാണിക്കുകയും ദുരുദ്ദേശ്യത്തോടെ
വിധിക്കുകയും അല്ലേ ചെയ്യുന്നത്?
5എന്റെ പ്രിയ സഹോദരരേ, ശ്രദ്ധിപ്പിൻ:
ദൈവം ഈ ലോകത്തിലെ ദരിദ്രരെ വിശ്വാ
സത്തിൽ സമ്പന്നരും തന്നെ സ്നേഹിക്കുന്ന
വർക്കു വാഗ്ദാനം ചെയ്തിട്ടുള്ള രാജ്യത്തിന്റെ
അവകാശികളുമായി തിരഞ്ഞെടുത്തില്ലേ? 6നി
ങ്ങളോ ദരിദ്രനെ അപമാനിച്ചിരിക്കുന്നു. ധനി
കരല്ലേ നിങ്ങളെ പീഡിപ്പിക്കുകയും കോടതി
യിലേക്കു വലിച്ചിഴയ്ക്കുകയും ചെയ്യുന്നത്?
7നിങ്ങൾക്കു നല്കപ്പെട്ട ശ്രേഷ്ഠനാമത്തെ
അവരല്ലേ ദുഷിക്കുന്നത്?
8എന്നാൽ "അയല്ക്കാരനെ നിന്നെപ്പോലെത
ന്നേ സ്നേഹിക്കണം" [a] എന്ന തിരുവെഴുത്ത്
അനുസരിച്ചു രാജകീയനിയമം പാലിക്കുന്നു
വെങ്കിൽ നിങ്ങൾ ഉത്തമമായതു പ്രവർത്തി
ക്കുന്നു. 9പക്ഷഭേദം കാണിക്കുന്നുവെങ്കിലോ
നിങ്ങൾ പാപം ചെയ്യുന്നു; നിങ്ങൾ കുറ്റക്കാ
രെന്നു ന്യായപ്രമാണത്താൽ വിധിക്കപ്പെടു
കയും ചെയ്യുന്നു. 10ന്യായപ്രമാണം സകലവും
അനുസരിക്കുകയും ഒരു കാര്യത്തിൽ തെറ്റിപ്പോ
കുകയും ചെയ്യുന്നവൻ, സകലത്തിനും കുറ്റക്കാ
രനാണ്. 11കാരണം, "വ്യഭിചാരം ചെയ്യരുത്" [b]
എന്നു കല്പിച്ചവൻ "കൊല ചെയ്യരുത്" [c] എന്നും
കല്പിച്ചിരിക്കുന്നു. വ്യഭിചാരം ചെയ്യുന്നില്ലെങ്കി
ലും കൊല ചെയ്യുന്നെങ്കിൽ നീ ന്യായപ്രമാണം
ലംഘിച്ചിരിക്കുന്നു.
12സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണത്താൽ
വിധിക്കപ്പെടുവാനുള്ളവരെപ്പോലെ സംസാരി
ക്കുകയും പ്രവർത്തിക്കുകയും ചെയ്യുവിൻ.
13കരുണ കാണിക്കാത്തവനു കരുണയില്ലാത്ത
ന്യായവിധി ഉണ്ടാകും. കരുണ ന്യായവിധിയു
ടെമേൽ വിജയം നേടുന്നു.

*വിശ്വാസവും പ്രവൃത്തികളും*

14എന്റെ സഹോദരരേ, ഒരാൾ തനിക്കു വി
ശ്വാസം ഉണ്ടെന്നു പറയുകയും പ്രവൃത്തികൾ
ഇല്ലാതിരിക്കുകയും ചെയ്താൽ എന്തു പ്രയോ
ജനം? ആ വിശ്വാസം അയാളെ രക്ഷിക്കുമോ?
15ഒരു സഹോദരനോ സഹോദരിക്കോ വസ്
ത്രവും ഭക്ഷണവും ഇല്ലാതിരിക്കുന്നു എന്നു
വയ്ക്കുക. 16നിങ്ങളിൽ ഒരാൾചെന്ന് അയാ
ളോട്: "സമാധാനത്തോടെ പോയി തീ കായുക,
ഭക്ഷണം കഴിക്കുക" എന്നു പറയുന്നതല്ലാതെ
അയാളുടെ ദേഹരക്ഷയ്ക്ക് ഒന്നും ചെയ്യുന്നി
ല്ലെങ്കിൽ അതുകൊണ്ട് എന്തു പ്രയോജനം?
17അതിനാൽ പ്രവൃത്തി ഇല്ലാത്ത വിശ്വാസം സ്വ
തേ നിർജ്ജീവമാണ്.
18എന്നാൽ, "നിനക്കു വിശ്വാസമുണ്ട്;
എനിക്കു പ്രവൃത്തികളുണ്ട്" എന്ന് ഒരാൾ പറ
ഞ്ഞേക്കാം.
പ്രവൃത്തികൾകൂടാതെയുള്ള നിന്റെ വി
ശ്വാസം എനിക്കു കാണിച്ചു തരിക, പ്രവൃത്തി
യിലൂടെ എന്റെ വിശ്വാസം ഞാനും കാണിച്ചു
തരാം. 19ദൈവം ഏകൻ എന്നു നീ വിശ്വസി
ക്കുന്നു. നല്ലതുതന്നേ! പിശാചുക്കൾപോലും
അതു വിശ്വസിക്കുകയും നടുങ്ങുകയും
ചെയ്യുന്നു.
20ഭോഷനായ മനുഷ്യാ, പ്രവൃത്തികൾ
ഇല്ലാത്ത വിശ്വാസം നിഷ്പ്രയോജനം എന്നു
നിനക്കു തെളിയിച്ചുതരണമോ? 21നമ്മുടെ പി
താവായ അബ്രാഹാം പുത്രനായ യിസ്ഹാക്കി
നെ യാഗപീഠത്തിന്മേൽ അർപ്പിച്ചപ്പോൾ,
പ്രവൃത്തിയാൽ അല്ലേ നീതീകരിക്കപ്പെട്ടത്?
22അദ്ദേഹത്തിന്റെ വിശ്വാസം പ്രവൃത്തിയോ
ടൊപ്പം വ്യാപരിച്ചുവെന്നും പ്രവൃത്തിയാൽ വി
ശ്വാസം പൂർത്തീകരിക്കപ്പെട്ടുവെന്നും നിങ്ങൾ
കാണുന്നുവല്ലോ? 23"അബ്രാഹാം ദൈവത്തെ
വിശ്വസിച്ചു. അത് അദ്ദേഹത്തിനു നീതിയായി

[a] 8 ലേവ്യ 19:18 [b] 11 പുറപ്പാട് 20:14, ആവർത്തനം 5:18 [c] 11 പുറപ്പാട് 20:13, ആവർത്തനം 5:17

കണക്കിട്ടു"[a] എന്നുള്ള തിരുവെഴുത്ത് ഇങ്ങനെ
നിറവേറുകയും അദ്ദേഹം ദൈവത്തിൻെറ
സ്നേഹിതൻ എന്നു വിളിക്കപ്പെടുകയും
ചെയ്തു. 24അങ്ങനെ മനുഷ്യൻ വിശ്വാ
സത്താൽ മാത്രമല്ല, പ്രവൃത്തികളാലത്രേ നീതീ
കരിക്കപ്പെടുന്നത് എന്നു നിങ്ങൾ കാണുന്നു.
25അതുപോലെ രാഹാബ് എന്ന വേശ്യയും
ആ രഹസ്യദൂതൻമാരെ സ്വീകരിക്കുകയും അവ
രെ വേറൊരു വഴിക്കു പറഞ്ഞയയ്ക്കുകയും
ചെയ്തപ്പോൾ പ്രവൃത്തികളാൽ അല്ലേ നീതീ
കരിക്കപ്പെട്ടത്? 26ഇങ്ങനെ, ആത്മാവില്ലാത്ത
ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ
പ്രവൃത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവ
മാകുന്നു.

*നാവിനെ സൂക്ഷിക്കുക*

3 എൻെറ സഹോദരരേ, നിങ്ങളിൽ അധി
കംപേർ ഉപദേഷ്ടാക്കൾ ആകരുത്; ഉപ
ദേശിക്കുന്നവരായ നമുക്ക് അധികം കർ
ശനമായ ന്യായവിധി ഉണ്ടാകുമെന്നു നിങ്ങൾ
ക്കറിയാമല്ലോ. 2നാമെല്ലാവരും പലതിലും തെറ്റി
പ്പോകുന്നു. ഒരാൾ വാക്കിൽ തെറ്റിപ്പോകാതി
രുന്നാൽ അയാൾ ശരീരത്തെ മുഴുവൻ നിയ
ന്ത്രിപ്പാൻ കഴിവുള്ള സൽഗുണപൂർണ്ണനായ
മനുഷ്യനാണ്.
3കുതിരയെ അനുസരിപ്പിക്കുവാൻ നാം അതി
ൻെറ വായിൽ കടിഞ്ഞാൺ ഇട്ട് ശരീരം മുഴു
വനും തിരിക്കുന്നു. 4കപ്പലിൻെറ ദൃഷ്ടാന്തവും
നോക്കാം. അതു വളരെ വലിപ്പം ഉള്ളതും
ശക്തമായ കാറ്റിനാൽ ഓടുന്നതുമെങ്കിലും
അമരക്കാരൻ ഒരു ചെറിയ ചുക്കാൻകൊണ്ട്
അതിനെ തിരിച്ച് ഇഷ്ടമുള്ള സ്ഥലത്തേക്കു
കൊണ്ടുപോകുന്നു. 5ഇങ്ങനെ, നാവും ചെറി
യൊരു അവയവമെങ്കിലും വളരെ വമ്പു
പറയുന്നു. ഒരു ചെറിയ തീപ്പൊരി വലിയ വനം
ദഹിപ്പിക്കുന്നു. 6നാവും ഒരു തീ തന്നെ.
അവയവങ്ങളുടെ കൂട്ടത്തിൽ അതു തിന്മയുടെ
ഒരു പ്രപഞ്ചം തന്നെയാണ്. അതു വ്യക്തിയെ
മുഴുവനായി ദുഷിപ്പിക്കുകയും ജീവിതചക്രത്തി
നു തീ കൊളുത്തുകയും നരകത്താൽ അതു
സ്വയം ദഹിക്കുകയും ചെയ്യുന്നു.
7എല്ലാവിധ മൃഗങ്ങളും പക്ഷികളും
ഇഴജന്തുക്കളും കടലിലെ ജീവികളും മെരു
ങ്ങുന്നവയാണ്; മനുഷ്യൻ അവയെ മെരുക്കി
യുമിരിക്കുന്നു. 8എന്നാൽ നാവിനെ മെരുക്കാൻ
ആർക്കും സാധ്യമല്ല. അത് അടങ്ങാത്ത ദോഷ
മാണ്; മാരകമായ വിഷം നിറഞ്ഞതുമാണ്.
9നാവിനാൽ നാം നമ്മുടെ കർത്താവും പിതാ
വുമായവനെ സ്തുതിക്കുന്നു; അതേ നാവു
കൊണ്ടുതന്നെ ദൈവസാദൃശ്യത്തിൽ സൃഷ്ടി
ക്കപ്പെട്ട മനുഷ്യനെ ശപിക്കുകയും ചെയ്യുന്നു.
10ഇങ്ങനെ ഒരേ വായിൽനിന്നു സ്തോത്രവും
ശാപവും പുറപ്പെടുന്നു. എൻെറ സഹോദരരേ,
ഇത് ഉചിതമല്ല. 11ഒരേ ഉറവിൽനിന്നുതന്നേ ശു
ദ്ധജലവും ഉപ്പുവെള്ളവും പ്രവഹിക്കുമോ? 12എ
ൻെറ സഹോദരരേ, അത്തിവൃക്ഷത്തിന് ഒലി
വുപഴവും മുന്തിരിവള്ളിക്ക് അത്തിപ്പഴവും പുറ
പ്പെടുവിക്കാൻ കഴിയുമോ? ഉപ്പുറവയിൽനിന്ന്
ഒരിക്കലും ശുദ്ധജലം പുറപ്പെടുകയില്ല.

*രണ്ടുതരം ജ്ഞാനം*

13നിങ്ങളിൽ ജ്ഞാനവും വിവേകവും ഉള്ള
വൻ ആര്? അയാൾ ജ്ഞാനലക്ഷണമായ വി
നയത്തോടെ നല്ല ജീവിതംകൊണ്ടു തൻെറ
പ്രവൃത്തികളെ കാണിക്കട്ടെ. 14എന്നാൽ നി
ങ്ങൾക്കു ഹൃദയത്തിൽ കയ്പു നിറഞ്ഞ ഈർ
ഷ്യയും സ്വാർത്ഥമോഹവും ഉണ്ടെങ്കിൽ ജ്ഞാ
നത്തെക്കുറിച്ചു പ്രശംസിക്കരുത്; അത് സത്യ
നിഷേധമാണ്. 15അത്തരം 'ജ്ഞാനം' ഉയരത്തി
ൽനിന്നുള്ളതല്ല; അതു ഭൗമികവും അനാത്മി
കവും പൈശാചികവുമത്രേ. 16കാരണം, അസൂ
യയും സ്വാർത്ഥമോഹവും ഉള്ളേടത്തു
കലക്കവും എല്ലാ ദുഷ്പ്രവൃത്തികളും ഉണ്ട്.
17എന്നാൽ ഉയരത്തിൽനിന്നുള്ള ജ്ഞാനം
ഒന്നാമതു നിർമ്മലമായിരിക്കും; കൂടാതെ, സമാ
ധാനവും സൗമ്യതയും അനുസരണവും
ഉള്ളതും കരുണയും സൽഫലങ്ങളും
നിറഞ്ഞതും, പക്ഷപാതവും കാപട്യവും
ഇല്ലാത്തതും ആയിരിക്കും. 18സമാധാനം ഉണ്ടാ
ക്കുന്നവർ സമാധാനത്തിൽ വിതച്ചു നീതി
യെന്ന ഫലം കൊയ്യും.

*ദൈവത്തിനു കീഴ്പ്പെടുവിൻ*

4 നിങ്ങളുടെ ഇടയിൽ ശണ്ഠകളും കലഹ
ങ്ങളും ഉണ്ടാകുവാൻ കാരണം എന്ത്? നി
ങ്ങളുടെ ഉള്ളിൽ പോരാടുന്ന മോഹങ്ങളിൽ
നിന്നല്ലയോ അവ ഉണ്ടാകുന്നത്? 2നിങ്ങൾ
മോഹിക്കുന്നു, എന്നാൽ പ്രാപിക്കുന്നില്ല. നി
ങ്ങൾ കൊല്ലുകയും ദുരാഗ്രഹം കാണിക്കുകയും
ചെയ്യുന്നു; എന്നാൽ ആഗ്രഹിക്കുന്നതു ലഭി
ക്കുന്നില്ല. നിങ്ങൾ കലഹിക്കുകയും പോരാടു
കയും ചെയ്യുന്നു. നിങ്ങൾ യാചിക്കായ്ക
കൊണ്ടു നിങ്ങൾക്കു ലഭിക്കുന്നില്ല. 3നിങ്ങൾ
യാചിക്കുന്നുവെങ്കിലും കിട്ടുന്നതു സുഖഭോ
ഗങ്ങൾക്കുവേണ്ടി ചെലവിടണം എന്ന ദുരുദ്ദേ
ശ്യത്തോടെ യാചിക്കുന്നതുകൊണ്ടു നിങ്ങൾ
ക്കു ലഭിക്കാതിരിക്കുന്നു.
4ദൈവത്തെ ത്യജിച്ച അവിശ്വസ്തരേ,
ലോകസ്നേഹം ദൈവത്തോടുള്ള ശത്രുത്വമാ
ണെന്നു നിങ്ങൾ അറിയുന്നില്ലേ? അതിനാൽ

*a* 23 ഉല്പത്തി 15:6

ലോകത്തിൻെറ സ്നേഹിതനാകാൻ ആഗ്രഹി
ക്കുന്നവൻ ദൈവത്തിൻെറ ശത്രുവായിത്തീ
രുന്നു. 5'ദൈവം നമ്മിൽ നിവസിപ്പിച്ചിരിക്കുന്ന
ആത്മാവിൻെറ വാഞ്ഛ അതിതീക്ഷ്ണമാണ്'
എന്ന തിരുവെഴുത്തു വ്യർത്ഥമെന്നു നിങ്ങൾ
ചിന്തിക്കുന്നുവോ? 6അവിടുന്ന് നമുക്ക് അധികം
കൃപ നല്കുന്നു.

'ദൈവം നിഗളികളോട്
എതിർത്തു നില്ക്കുന്നു;
താഴ്മയുള്ളവർക്കോ
കൃപ നല്കുന്നു' [a]

എന്നു തിരുവെഴുത്തു പറയുന്നത് അതുകൊ
ണ്ടത്രേ.

7ആകയാൽ നിങ്ങളെത്തന്നെ ദൈവത്തിനു
കീഴ്പ്പെടുത്തുവിൻ; പിശാചിനോട് എതിർത്തു
നില്ക്കുവിൻ; അപ്പോൾ അവൻ നിങ്ങളെ വിട്ട്
ഓടിപ്പോകും. 8ദൈവത്തോട് അടുത്തുചെല്ലു
വിൻ; അവിടുന്നു നിങ്ങളോട് അടുത്തുവരും.
പാപികളേ, കൈകൾ വെടിപ്പാക്കുവിൻ; ഇരു
മനസ്സുള്ളവരേ, ഹൃദയങ്ങൾ ശുദ്ധീകരിക്കു
വിൻ. 9വ്യാകുലപ്പെട്ടു കരയുവിൻ; വിലപിക്കു
വിൻ; നിങ്ങളുടെ ചിരി കരച്ചിലായും സന്തോ
ഷം വിഷാദമായും മാറട്ടെ. 10ദൈവസന്നിധി
യിൽ നിങ്ങളെത്തന്നെ താഴ്ത്തുവിൻ; എന്നാൽ
അവിടുന്ന് നിങ്ങളെ ഉയർത്തും.

11സഹോദരരേ, അന്യോന്യം ദുഷിക്കരുത്.
സഹോദരനു വിരോധമായി സംസാരിക്കുകയോ
സഹോദരനെ വിധിക്കുകയോ ചെയ്യുന്നവൻ
ന്യായപ്രമാണത്തിനു വിരോധമായി സംസാരി
ക്കുകയും ന്യായപ്രമാണത്തെ വിധിക്കുകയും
ചെയ്യുന്നു. ന്യായപ്രമാണത്തെ വിധിക്കുമ്പോൾ
നീ അതിനെ പാലിക്കുകയല്ല, അതിൻെറ വിധി
കർത്താവാകുകയാണ്. 12ന്യായപ്രമാണദാതാ
വും ന്യായകർത്താവും ഒരാൾമാത്രം; രക്ഷിക്കു
വാനും നശിപ്പിക്കുവാനും ശക്തിയുള്ളവൻ
തന്നേ. അയല്ക്കാരനെ വിധിക്കുവാൻ നീ ആര്?

*നാളെയെക്കുറിച്ചു പ്രശംസിക്കരുത്*

13"ഇന്നോ നാളെയോ ഞങ്ങൾ ഇന്ന പട്ടണ
ത്തിൽ ചെന്ന് ഒരു വർഷം വ്യാപാരംചെയ്ത്
ആദായം ഉണ്ടാക്കും" എന്നു പറയുന്നവരേ,
കേൾപ്പിൻ: 14നാളെ എന്തു സംഭവിക്കും എന്നു
നിങ്ങൾ അറിയുന്നില്ലല്ലോ. നിങ്ങളുടെ ജീവിതം
എന്താണ്? അല്പനേരത്തേക്കു കാണപ്പെടു
ന്നതും പിന്നെ മാഞ്ഞുപോകുന്നതുമായ മൂടൽ
മഞ്ഞു മാത്രമല്ലേ? 15"കർത്താവിന് ഇഷ്ട
മെങ്കിൽ ഞങ്ങൾ ജീവിച്ചിരുന്ന് ഇന്നതൊക്കെ
ചെയ്യും" എന്നല്ലേ നിങ്ങൾ പറയേണ്ടത്? 16നി
ങ്ങളാകട്ടെ, വമ്പു പറയുകയും സ്വയം പ്രശംസി
ക്കുകയും ചെയ്യുന്നു. ഇത്തരം ആത്മപ്രശംസ
യെല്ലാം ദോഷമാണ്. 17താൻ ചെയ്യേണ്ട നന്മ
എന്താണെന്നറിഞ്ഞിട്ടും അതു ചെയ്യാത്തവൻ
പാപംചെയ്യുന്നു.

*പീഡകരായ ധനികരോട്*

5 അല്ലയോ ധനികരേ, നിങ്ങളുടെമേൽ വരാ
നിരിക്കുന്ന ദുരിതങ്ങൾനിമിത്തം കരഞ്ഞു
മുറയിടുവിൻ. 2നിങ്ങളുടെ സമ്പത്ത് ദ്രവിച്ചും
വസ്ത്രങ്ങൾ പുഴു അരിച്ചും പോയിരിക്കുന്നു.
3നിങ്ങളുടെ സ്വർണ്ണവും വെള്ളിയും കറപിടി
ച്ചിരിക്കുന്നു. ആ കറ നിങ്ങൾക്കു വിരോധമായി
സാക്ഷ്യം പറയുകയും തീപോലെ നിങ്ങളുടെ
ജഡത്തെ തിന്നുകളയുകയും ചെയ്യും. അന്ത്യ
നാളുകളിൽ നിങ്ങൾ സമ്പത്തു കൂട്ടിവച്ചിരി
ക്കുന്നു. 4നോക്കൂ, നിങ്ങളുടെ നിലങ്ങൾ കൊ
യ്തവർക്കുള്ള കൂലി നിങ്ങൾ പിടിച്ചുവച്ചതു
നിങ്ങൾക്കെതിരേ നിലവിളിക്കുന്നു. കൊയ്ത്തു
കാരുടെ നിലവിളി സൈന്യങ്ങളുടെ കർത്താ
വിൻെറ കാതുകളിൽ എത്തിയിരിക്കുന്നു. 5ഭൂമി
യിൽ നിങ്ങൾ സുഖഭോഗതല്പരരായി
ആഡംബരജീവിതം നയിച്ചു. കൊലദിവസത്തി
നെന്നപോലെ ഹൃദയങ്ങളെ നിങ്ങൾ കൊഴുപ്പി
ച്ചിരിക്കുന്നു. 6നിങ്ങളോട് എതിർക്കാതിരുന്ന
നീതിമാനെ നിങ്ങൾ കുറ്റം വിധിക്കുകയും
കൊല്ലുകയും ചെയ്തു.

*കഷ്ടതയിൽ ദീർഘക്ഷമ*

7സഹോദരരേ, കർത്താവിൻെറ വരവുവ
രെയും ദീർഘക്ഷമയോടിരിപ്പിൻ. ഭൂമി നല്കുന്ന
വിലയേറിയ വിളവിനായി ഒരു കർഷകൻ മുൻ
മഴയും പിൻമഴയും പ്രതീക്ഷിച്ചുകൊണ്ട് എത്ര
ക്ഷമയോടെ കാത്തിരിക്കുന്നു! 8നിങ്ങളും ക്ഷമ
യോടിരിപ്പിൻ; നിങ്ങളുടെ ഹൃദയം സ്ഥിരമാ
ക്കുവിൻ; കർത്താവിൻെറ വരവു സമീപിച്ചിരി
ക്കുന്നു. 9നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ട
തിന് ആരും മറ്റൊരാൾക്കു വിരോധമായി പിറു
പിറുക്കരുത്. ഇതാ ന്യായാധിപൻ വാതില്ക്കൽ
നില്ക്കുന്നു!

10സഹോദരരേ, കർത്താവിൻെറ നാമത്തിൽ
സംസാരിച്ച പ്രവാചകരെ സഹനത്തിനും ദീർ
ഘക്ഷമയ്ക്കും മാതൃകയായി സ്വീകരിപ്പിൻ.
11സഹിഷ്ണുത നിലനിർത്തിയവരെ നാം ഭാ
ഗ്യവാന്മാരായി കരുതുന്നു. ഇയ്യോബിൻെറ
സഹിഷ്ണുതയെക്കുറിച്ചു നിങ്ങൾ കേൾക്കു
കയും കർത്താവു വരുത്തിയ ശുഭാന്ത്യം കാണു
കയും ചെയ്തിരിക്കുന്നു. കർത്താവു ദയയും
കരുണയും നിറഞ്ഞവൻ തന്നേ.

12സർവ്വോപരി, എൻെറ സഹോദരരേ, നി
ങ്ങൾ സ്വർഗ്ഗത്തെയോ, ഭൂമിയെയോ മറ്റ് എന്തി
നെയുമോ ചൊല്ലി ആണയിടരുത്. നിങ്ങൾ 'ഉവ്വ്'

[a] 6 സുഭാഷിതങ്ങൾ 3:34

എന്നു പറഞ്ഞാൽ അതു 'ഉവ്വ്' ആയിരിക്കട്ടെ; 'ഇല്ല' എന്നു പറഞ്ഞാൽ 'ഇല്ല' എന്നും ആയിരിക്കട്ടെ. അല്ലാത്തപക്ഷം നിങ്ങൾ ശിക്ഷാവിധിയിൽ അകപ്പെടും.

*വിശ്വാസത്തോടെയുള്ള പ്രാർത്ഥന*

13നിങ്ങളിൽ ആരെങ്കിലും കഷ്ടത സഹി
ക്കുന്നുവെങ്കിൽ അയാൾ പ്രാർത്ഥിക്കട്ടെ. സ
ന്തോഷമനുഭവിക്കുന്നുവെങ്കിൽ പാട്ടു പാടട്ടെ.
14നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ
അയാൾ സഭയിലെ മൂപ്പന്മാരെ വിളിക്കട്ടെ.
അവർ കർത്താവിൻെറ നാമത്തിൽ അയാളെ
എണ്ണപൂശി അയാൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ.
15വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗി
ക്കു സൗഖ്യം നല്കും. കർത്താവ് അയാളെ എഴു
ന്നേല്പിക്കും. അയാൾ പാപം ചെയ്തിട്ടു
ണ്ടെങ്കിൽ കർത്താവു ക്ഷമിക്കും. 16ആകയാൽ
നിങ്ങൾക്കു സൗഖ്യം ലഭിക്കേണ്ടതിന്
അന്യോന്യം പാപങ്ങൾ ഏറ്റുപറഞ്ഞ് ഓരോ
രുത്തർക്കുംവേണ്ടി മറ്റുള്ളവർ പ്രാർത്ഥിക്കണം.
നീതിമാൻെറ പ്രാർത്ഥന ശക്തിയുള്ളതും
ഫലിക്കുന്നതുമാകുന്നു.

17നമുക്കു സമസ്വഭാവമുള്ള മനുഷ്യനാ
യിരുന്നു ഏലിയാവ്. മഴ പെയ്യാതിരിക്കാൻ അ
ദ്ദേഹം ശ്രദ്ധയോടെ പ്രാർത്ഥിച്ചു; മൂന്നരവർഷ
ത്തേക്കു ദേശത്തു മഴ പെയ്തില്ല. 18അദ്ദേഹം
വീണ്ടും പ്രാർത്ഥിച്ചു; ആകാശം മഴ നല്കുകയും
ഭൂമി വിളവ് ഉൽപാദിപ്പിക്കുകയും ചെയ്തു.

19എൻെറ സഹോദരരേ, നിങ്ങളിൽ ഒരാൾ
സത്യംവിട്ടു തെറ്റിപ്പോകയും അയാളെ ആ
രെങ്കിലും തിരികെ കൊണ്ടുവരികയും ചെയ്യുന്നു
വെങ്കിൽ, 20പാപിയെ തെറ്റിൽനിന്നു പിന്തിരി
പ്പിക്കുന്നയാൾ അയാളെ മരണത്തിൽനിന്നു
രക്ഷിക്കുകയും അനവധിയായ പാപങ്ങൾ മറച്ചു
കളയുകയും ചെയ്യുന്നു എന്നു നിങ്ങൾ ഓർത്തു
കൊൾവിൻ.